## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

11.12.2014ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ: 3130

# കയർ ആഭ്യന്തര വിപണിയും

| ചോദ്യം<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പാലോട് രവി<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ | ഉത്തരം<br>ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) കയർമേഖലയിലെ ആഭ്യന്തര വിപണിയുടെ സാദ്ധ്യത ഉപയോഗപ്പെടു ത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാ ക്കുമോ ; | (എ) 'കയർ കേരള', 'കയർ കേരള ഫെയർ' തുടങ്ങിയ എക്സിബിഷനുകൾ സംഘടിപ്പിച്ചും, എക്സിബിഷനുകളിൽ പങ്കെടുത്തും വൈവിദ്ധ്യവൽക്കരണ ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണിയിൽ ഇറക്കിയും ആഭ്യന്തര വിപണിയുടെ സാദ്ധ്യത കയർ മേഖലയിൽ പരമാവധി പ്രയോജനപ്പെടുത്തുന്നു. കൂടാതെ ആഭ്യന്തര വിപണി വർദ്ധിപ്പിക്കുന്നതിനായി ഇന്ത്യയുടെ പലഭാഗങ്ങളിലും ബയർ - സെല്ലർ മീറ്റുകൾ നടത്തുന്നു. ഇതുകൂടാതെ കേരളത്തിന്റെ പല ഭാഗങ്ങളിൽ കയർ മേളകൾ സംഘടിപ്പിക്കുന്നു. എല്ലാവർഷവും ഫെബ്രുവരി 1 മുതൽ 5 വരെ ആലപ്പുഴയിൽ വച്ച് കയർ കേരള സംഘടിപ്പിക്കാറുണ്ട്. ഈ മേള മുഖാന്തിരം കയർ മേഖലയിൽ ആഭ്യന്തര വിപണിയും വിദേശ വിപണിയും വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കയറുല്പ്പന്നങ്ങളുടെ വിപണനം ശക്തി പ്പെടുത്തുന്നതിനു വേണ്ടി "ഒരു വീട്ടിൽ ഒരു കയറുല്പ്പന്നം" എന്ന campaign പത്ര ദൃശ്യ മാധ്യമങ്ങളിലൂടെ നടത്തി വരുന്നു.<br>ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ടും മറ്റ് പൊതുമേഖലകൾ, ഗവൺമെന്റ് ആശുപത്രികൾ, ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ചുകൊണ്ടും കയർ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. ഇതെല്ലാം ആഭ്യന്തരവിപണിയെ ശക്തിപ്പെടുത്താൻ പ്രയോജനപ്രദമായ കാര്യങ്ങളാണ്. |

| | |
|---|---|
| (ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കയറു ദ്പ ാദകർക്കും വ്യാപാരികൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത് ; | (ബി) ആ ഭ്യന്ത ര വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഏജൻസി ഷോറൂമുകൾ ആരംഭിക്കുന്നവർക്ക് കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ നിശ്ചിത ശതമാനം ഇൻസെന്റീവ് നൽ കു ന്നുണ്ട്. കൂടാതെ കയർപിരി മേഖല യിലെ തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നു. ചെറുകിട ഉദ്പാദക സംഘങ്ങൾക്ക് മാർക്കറ്റ് ഡവലപ്പ്മെൻറ് അസിസ്റ്റൻസ് നൽകുന്നു. കയർമേഖലയിലെ കൈത്തറി ഉൽപ്പന്ന കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി അത്തരം കയറുല്പന്നങ്ങൾ നിർമ്മിക്കുന്നവർക്കും വ്യാപാരികൾക്കും വിവിധ പ്രോത്സാഹന സഹായങ്ങൾ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം നൽകി വരുന്നു. ഈ പദ്ധതി പ്രകാരം ഉല്പാദക ചെറുകിട സഹകരണ സംഘങ്ങളിൽ നിന്നും നിശ്ചിത വില നൽകി ഉല്പന്നങ്ങൾ സംഭരിക്കുകയും ഇത് കയറ്റുമതിക്കാർക്ക് കയർ കോർപ്പറേഷൻ നൽകുകയും ചെയ്യുന്നു. ഈ പദ്ധതി പ്രകാരം ചെറുകിട ഉല്പാദന സഹകരണ സംഘങ്ങൾക്ക് 3%, കയറ്റുമതിക്കാർക്ക് 7.5%, എന്ന രീതിയിൽ ഇൻസെൻറീവും, കയർ കോർപ്പറേഷന് 3% സർവ്വീസ് ചാർജ്ജും സർക്കാർ ഫണ്ടിൽ നിന്നും നൽകുന്നു. |
| (സി) എത്ര കോടി രൂപയുടെ ആഭ്യന്തര വിപണി കണ്ടെത്താനാണ് ലക്ഷ്യമി ട്ടിട്ടുള്ളത്; | (സി) ആഭ്യന്തര വിപണിയിൽ ഏകദേശം 3000 കോടി രൂപയുടെ വിപണനം കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ